**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3025** **28-02-2023 - ൽ മറുപടിയ്ക്ക്**

**പുരാണ പാരായണക്കാർക്ക് പെൻഷൻ നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2010-ൽ നിലവിൽ വന്ന കേരള സാംസ്കാരിക പ്രവർത്തക ക്ഷേമ നിധി ബോർഡ് 2011 മുതൽ 450-ൽ പരം പുരാണ പാരായണക്കാർക്ക് പെൻഷൻ നൽകി വന്നിരുന്നത് 2016 മുതൽ ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പെൻഷൻ ലഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ **കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ നിന്നും പുരാണ പാരായണ വിഭാഗക്കാർക്ക്** അംഗത്വമോ, പെൻഷനോ അനുവദിയ്ക്കുന്നില്ല. പുരാണ പാരായണക്കാരെ ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിക്കുകയും തൽക്കാലം ഇക്കാര്യം പരിഗണിക്കേണ്ടതില്ലായെന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു. പിന്നീട് പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പുരാണ പാരായണ കലാസംഘടന ജനറൽ സെക്രട്ടറി 21.01.2022-ന് ബഹു.ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചിട്ടുണ്ട്. ബഹു.ഹൈക്കോടതി യുടെ ടി കേസിലെ അന്തിമ തീർപ്പിന് വിധേയമായി മാത്രമേ **പുരാണ പാരായണക്കാർക്ക്** ക്ഷേമനിധി അംഗത്വവും പെൻഷനും നൽകുന്ന വിഷയം പരിഗണിക്കാൻ നിർവാഹമുള്ളൂ. |
| (ബി) | ഇവർക്ക് പ്രീമിയം തുക അടയ്ക്കാനോ പുതിയതായി അംഗത്വമെടുക്കാനോ കഴിയാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ **കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ നിന്നും പുരാണ പാരായണ വിഭാഗക്കാർക്ക്** അംഗത്വമോ, പെൻഷനോ അനുവദിയ്ക്കുന്നില്ല. പുരാണ പാരായണക്കാരെ ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിക്കുകയും തൽക്കാലം ഇക്കാര്യം പരിഗണിക്കേണ്ടതില്ലായെന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു. പിന്നീട് പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പുരാണ പാരായണ കലാസംഘടന ജനറൽ സെക്രട്ടറി 21.01.2022-ന് ബഹു.ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചിട്ടുണ്ട്. ബഹു.ഹൈക്കോടതി യുടെ ടി കേസിലെ അന്തിമ തീർപ്പിന് വിധേയമായി മാത്രമേ **പുരാണ പാരായണക്കാർക്ക്** ക്ഷേമനിധി അംഗത്വവും പെൻഷനും നൽകുന്ന വിഷയം പരിഗണിക്കാൻ നിർവാഹമുള്ളൂ. |

സെക്ഷൻ ഓഫീസർ